# AMRITA VIDYALAYAM

## ANNUAL EXAMINATION 2018 - '19

**Class : VI** | **Marks : 80**
**Time : 2½ hrs**

# മലയാളം

GENERAL INSTRUCTIONS:
This question paper is divided into four sections.
Section A: Reading comprehension - 10 Marks.
Section B: Writing - 16 Marks.
Section C: Grammar - 17 Marks.
Section D: Literature - 37 Marks.

### പാരായണവിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** 10

ഒരു ശിശുവിന്റെ വിദ്യാഭ്യാസം കേവലം ഭാഷയും ഗണിതവുംകൊണ്ട് പൂർത്തിയാകുമോ? ഒരിക്കലുമില്ല. അനേകായിരം സംവത്സരങ്ങളിലൂടെ നാം നേടിയ അഖണ്ഡമായ സംസ്കാരിക പൈതൃകം തന്നെ അവന് പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാണ്. അമൂല്യമായ ഈ വിജ്ഞാനസമ്പത്തിനെ സാമൂഹികമെന്നും ശാസ്ത്രീയമെന്നും രണ്ടായി തരം തിരിക്കാം. മനുഷ്യൻ മനുഷ്യനുമായി ഇടപഴകിയതിൽ നിന്നുണ്ടായതാണ് സാമൂഹിക വിജ്ഞാനം. പ്രകൃതിയും, മനുഷ്യനുമായി മേളിച്ചതിൽനിന്ന് ഉടലെടുത്തതാണ് ശാസ്ത്രം. ചരിത്രം, സാമൂഹ്യശാസ്ത്രം, സാമ്പത്തിക വിജ്ഞാനീയം, പൗരധർമ്മം മുതലായവ ആദ്യത്തേതിനെ ഉദാഹരിക്കുന്നു. രണ്ടാമത്തേതിൽ രസതന്ത്രം, ജീവശാസ്ത്രം മുതലായവയുൾപ്പെടുന്നു. ആധുനിക ജീവിതത്തിന്റെ

വിജയകരമായ പങ്കാളിത്തത്തിന് ഇവയെക്കുറിച്ചുള്ള വിജ്ഞാനം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ഈ രണ്ടു ശാഖകളിലും നാം നേടിയ നേട്ടങ്ങളുടെ ഒരു സാമാന്യരൂപം ശിശുവിന് നൽകുന്നതിന് വിദ്യാഭ്യാസം ശ്രമിക്കുന്നു.

1. ഒരു ശിശുവിന് വിദ്യാഭ്യാസത്തിലൂടെ നാം പരിചയപ്പെടുത്തി കൊടുക്കേണ്ടത് എന്താണ്?
2. സാമൂഹ്യവിജ്ഞാനത്തിന്റെ ഉത്ഭവം എങ്ങനെയാണ്?
3. ശാസ്ത്രം ഉടലെടുത്തതെങ്ങനെ?
4. വിദ്യാഭ്യാസം കൊണ്ട് നാം ശ്രമിക്കുന്നതെന്താണ്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## രചനാ വിഭാഗം

**II. ആശയ വിപുലനം.** 7

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നൻമകളാൽ സമൃദ്ധം"

**III. ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 9

"വിനോദയാത്രയുടെ പ്രാധാന്യം"

## വ്യാകരണ വിഭാഗം

**IV. അംഗ- അംഗിവാക്യങ്ങൾ വേർതിരിച്ചെഴുതുക.** 2

സൂര്യനുദിച്ചപ്പോൾ താമരകൾ വിടർന്നു.

**V. പ്രയോഗം മാറ്റുക.** 1

അദ്ധ്യാപകൻ കുട്ടിയെ ഉപദേശിച്ചു.

**VI. വാക്യശുദ്ധി വരുത്തുക.** 1

പ്രതിദിനം ചെയ്യുന്ന കാര്യങ്ങൾ എല്ലാ ദിവസവും ചെയ്യുക.

**VII. സകർമ്മകക്രിയ അകർമ്മകക്രിയ എന്നിവ ഉദാഹരണസഹിതം വിവരിക്കുക.** 2

**VIII. വള്ളിക്കുടിൽ എന്ന പദം വിഗ്രഹിക്കുന്നതെങ്ങനെ?** 1

(വള്ളിയും കുടിലും, വള്ളികൾ കൊണ്ടുള്ള കുടിൽ, വള്ളിയുടെ കുടിൽ)

**IX. കണ്ഠത്തിൽ അണിയുന്ന ആഭരണം എന്നതിന്റെ ഒറ്റപ്പദം എഴുതുക.** 1

(കണ്ഠത്തിൽ ആഭരണം, കണ്ഠവും ആഭരണവും, കണ്ഠാഭരണം)

**X. ക്രാന്തദർശി എന്ന പദത്തിന്റെ അർഥം എഴുതുക. 1**

(മനോഹരമായവൾ, സൂക്ഷ്മദർശി, സ്ഥൂലദർശി)

**XI. സമാനപദം അല്ലാത്തത് ഏത്? 1**

1. തലമുടി – കേശം, ഗളം, വേണി
2. പക്ഷി – ഖഗം, വിഹഗം, ഒലി

**XII. ലളിതം എന്ന പദത്തിന്റെ വിപരീതപദം എഴുതുക. 1**

(സങ്കോചം, കഠിനം, ശാശ്വതം)

**XIII. ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക. 2**

1. ലബ്ദി – ലബ്ധി
2. പ്രശസ്തി – പ്രശസ്ഥി
3. ഗണ്ഡകാവ്യം – ഖണ്ഡകാവ്യം
4. ഉത്ബവം – ഉത്ഭവം

**XIV. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. 1**

പച്ചപ്പാടം

**XV. 'കവയിത്രി' എന്ന പദത്തിന്റെ എതിർലിംഗം എഴുതുക. 1**

**XVI. വാക്യത്തിൽ പ്രയോഗിക്കുക. 2**

1. രൂപം പ്രാപിക്കുക 2. പരിഷ്കരിക്കുക

## സാഹിത്യ വിഭാഗം

**XVII. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക. 4**

"മഴ പെയ്യുമ്പോൾ ...................................................... മഴക്കാറ്റും."

**XVIII. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 28**

1. തെംസ് നദിയിലെ ജലത്തിൽ കോളറയുടെ അണുക്കൾ അടങ്ങിയിട്ടുണ്ടെന്ന് ഡോക്ടർ ജോൺസ്നോ കണ്ടെത്തിയത് എങ്ങനെ?
2. "ഈ നാടല്ലോ വ്യഥ" എന്ന് കവയിത്രി പറഞ്ഞതിന്റെ പൊരുൾ എന്ത്?
3. വള്ളത്തോളിന് ലഭിച്ച ഉന്നത പഠനം എന്താണ്?
4. "സന്തുഷ്ടരായ് പൂത്ത കാട്ടിൽ

നടന്നാർ ഭംഗി കണ്ടവർ
സന്ധ്യാമേഘത്തിനിടയിൽ
സഞ്ചരിക്കും ഖഗങ്ങൾ പോൽ" ആശയം വിശദീകരിക്കുക.

5. കഥകളിയുടെ ഉത്ഭവം വിവരിക്കുക.
6. മടക്കം എന്ന കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് എഴുതുക.
7. വ്യക്തിശുചിത്വം, സാമൂഹ്യശുചിത്വം എന്നിവ ഉദാഹരണ സഹിതം വ്യക്തമാക്കുക.

**XIX. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **5**

1. രാമനാട്ടത്തിന്റെ പരിഷ്കരിച്ച രൂപം ഏത്?
   (തുള്ളൽ, കൂത്ത്, കഥകളി)
2. "വ്യഥ' എന്ന കവിത രചിച്ചതാരാണ്?
   (മാധവിക്കുട്ടി, ബാലാമണിയമ്മ, സുഗതകുമാരി)
3. വള്ളത്തോളിന്റെ മഹാകാവ്യം ഏതാണ്?
   (ചിത്രയോഗം, ഋതുവിലാസം, ഋതുസംഹാരം)
4. ഉണ്ണായിവാര്യർ രചിച്ച ആട്ടക്കഥ ഏത്?
   (കൃഷ്ണനാട്ടം, കല്യാണസൗഗന്ധികം, നളചരിതം)
5. മടക്കം എന്ന ചെറുകഥ രചിച്ചത് ആര്?
   (സാറാജോസഫ്, ഗ്രേസി, പി. വത്സല)
6. ജലത്തിലൂടെ പടർന്നു പിടിക്കുന്ന രോഗം?
   (മലേറിയ, കോളറ, ക്ഷയരോഗം)
7. സാമൂതിരിയുടെ കാലത്ത് കോഴിക്കോട് നിലനിന്നിരുന്ന കലാരൂപം ഏത്?
   (രാമനാട്ടം, കൃഷ്ണനാട്ടം, കല്യാണസൗഗന്ധികം, നളചരിതം)
8. 'പൊതുജനാരോഗ്യത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന രോഗം.
   (എലിപ്പനി, ചിക്കുൻഗുനിയ, കോളറ)
9. മലയാളഭാഷയുടെ പിതാവ്.
   (വള്ളത്തോൾ നാരായണമേനോൻ, തുഞ്ചത്തെഴുച്ഛൻ, കുമാരനാശാൻ)
10. ബാലരാമായണത്തിന്റെ കർത്താവാരാണ്?
    (വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ)